പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 3063

15.02.2013-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## മൂന്നാർ, വാഗമൺ കൈയ്യേറ്റ ഭൂമി തിരിച്ച് പിടിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)മൂന്നാറിൽ മുൻസർക്കാർ പിടിച്ചെടുത്തത് എത്ര ഹെക്ടർ ഭൂമിയായിരുന്നു; | (എ) മൂന്നാറിൽ ദേവികുളം താലൂക്കിൽ മുൻ സർക്കാർ 4677.88.03 ഹെക്ടർ ഭൂമി കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്തിരുന്നു. |
| (ബി)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ ഭൂമി കൈയ്യേറ്റക്കാർ തിരിച്ചുപിടിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി കയ്യേറ്റക്കാർ തിരിച്ച് പിടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി)വാഗമണിൽ സർക്കാരിന്റെ കൈവശം ഏറ്റെടുത്ത എത്ര ഹെക്ടർ ഭൂമി ഇപ്പോഴുണ്ടെന്ന് അറിയിക്കുമോ; | (സി) വാഗമണ്ണിൽ കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുത്തിട്ടുള്ള 541.69 ഏക്കർ ഭൂമി ഇപ്പോൾ ഉണ്ട്. |
| (ഡി)ഈ പ്രദേശങ്ങളിലൊക്കെ കൈയ്യേറിയ ഭൂമികളിൽ കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികൾപ്രകാരം കൃഷിപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ)ഇത്തരം കൈയ്യേറ്റങ്ങൾക്ക് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരേയും കൈയ്യേറ്റകാർക്കെതിരേയും ശക്തമായ നടപടികൾ സ്വീകരിക്കുമോ; | (ഇ) കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (എഫ്)ഈ ഭൂമികൾ സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ? | (എഫ്) കയ്യേറ്റം കണ്ടെത്തിയിട്ടുള്ള എല്ലാ ഭൂമിയും സർക്കാരിലേയ്ക്ക് തിരിച്ച് പിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

C.K.V.Kumar

സെക്ഷൻ ഓഫീസർ